ഗുരുമാർഗം

അവിദ്യയുടെ ഫലം വേറെ വിദ്യയുടെ ഫലം വേറെ എന്ന് വിദ്യാവിദ്യാഫലം വിവരിക്കുന്ന ധീരന്മാരായ ബ്രഹ്മനിഷ്ഠന്മാരിൽ നിന്നും ഞങ്ങൾ കേട്ടിട്ടുണ്ട്.

ഒരു ജാതി ഒരു മതം ഒരു ദൈവം
ഭരണി 49- 13
ദ്വിതീയ 53- 48
1940 ചൈത്രം 27
1439 ഷഹബാൻ 01
1193 മേടം 04

കാൻസർ രോഗികളോട് ചെയ്യാൻ പാടില്ലാത്തത്

സംസ്ഥാനത്തെ ഏറ്റവും മികച്ച കാൻസർ ചികിത്സാകേന്ദ്രമായ ആർ. സി. സിയിൽ പത്തുമാസം മുമ്പ് കേടായ അത്യാധുനിക രക്തപരിശോധനാ യന്ത്രത്തിന് പകരം പുതിയൊന്നു വാങ്ങാൻ നടപടിയില്ലാത്തത് സർക്കാർ ആശുപത്രികൾ പൊതുവേ നേരിടുന്ന കെടുകാര്യസ്ഥതയുടെ ചെറിയൊരു ഉദാഹരണം മാത്രമാണ്. ആശ്രയമില്ലാത്ത രോഗികളോടുകാണിക്കുന്ന കടുത്തക്രൂരത എന്നതിനപ്പുറം ഇതുപോലൊരു സ്ഥാപനത്തിൽ ഒരിക്കലും ഉണ്ടാകാൻ പാടില്ലാത്ത കൃത്യവിലോപം കൂടിയാണിത്. രക്താർബുദരോഗികളിൽ അനിയന്ത്രിതമായി ജീനുകൾ വളരുന്നുണ്ടോ എന്നും ഔഷധങ്ങളോടുള്ള ശരീരത്തിന്റെ പ്രതികരണം എത്രമാത്രം ആശാസ്യനിലയിലാണെന്നും മറ്റും വിലയിരുത്തുന്നതിനുള്ള രക്തപരിശോധനയ്ക്കാവശ്യമായ ജർമ്മൻ നിർമ്മിത യന്ത്രമാണ് തകരാറിലായത്. പത്തുമാസത്തിലധികമായി യന്ത്രം പണിമുടക്കിലായിട്ടും അത് നന്നാക്കാനോ പകരം വേറൊന്നു വരുത്തി സ്ഥാപിക്കാനോ ചുമതലപ്പെട്ടവരാരും തുനിയാത്തത് എന്തുകൊണ്ടെന്ന് ചോദിച്ചിട്ടു കാര്യമില്ല. ഇങ്ങനെയൊരു യന്ത്രം മാസങ്ങളായി പ്രവർത്തിക്കാതിരിക്കുന്നത് ഉന്നതന്മാർപോലും ഇതുവരെ അറിഞ്ഞിട്ടില്ലെന്നതാണ് ഏറ്റവും വിചിത്രമായ കാര്യം. ആരിൽനിന്നും ഇതുവരെ പരാതി ലഭിച്ചിട്ടില്ലെന്നാണ് അഡിഷണൽ ഡയറക്ടർ പറയുന്നത്. എണ്ണയിട്ട യന്ത്രംപോലെ പ്രവർത്തിക്കേണ്ട ഒരു സ്ഥാപനത്തിൽ വിവിധ വിഭാഗങ്ങൾ തമ്മിൽ വിവരകൈമാറ്റം വേണ്ട രീതിയിലല്ല നടക്കുന്നതെന്നതിനു ഇതിനപ്പുറം തെളിവുവേണ്ട.

കാൻസർ രോഗത്തിന്റെ വളർച്ചപോലെ തന്നെയാണ് സംസ്ഥാനത്ത് കാൻസർ രോഗികളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനയും. കഴിഞ്ഞ മുപ്പതുവർഷം കൊണ്ട് 280 ശതമാനം വർദ്ധന എന്നുപറയുമ്പോൾത്തന്നെ സ്ഥിതി എത്രമാത്രം ഭീതിജനകമാണെന്ന് ബോദ്ധ്യപ്പെടും. കഴിഞ്ഞവർഷം 16176 പേരാണ് പുതുതായി ആർ. സി. സിയിൽ മാത്രം ചികിത്സ തേടി എത്തിയത്. ആയിരക്കണക്കിന് രോഗികൾ തുടർചികിത്സയ്ക്കായും ഇവിടെ എത്താറുണ്ട്. ചികിത്സാപുരോഗതി കൃത്യമായി വിലയിരുത്താൻ ഉപയോഗിച്ചിരുന്ന യന്ത്രം കേടായത് പാവപ്പെട്ട രോഗികളെയാണ് ഏറെ വലയ്ക്കുന്നത്. സ്വകാര്യ ഏജൻസികളെ ആശ്രയിക്കേണ്ട സ്ഥിതിയാണിപ്പോൾ. ആർ. സി. സിയിൽ നടന്നിരുന്ന ഈ പരിശോധനയ്ക്ക് സംസ്ഥാനത്തൊരിടത്തും സംവിധാനമില്ലാത്തതിനാൽ സാമ്പിൾ ശേഖരിച്ച് ഡൽഹിയിലും മറ്റും അയച്ച് പരിശോധിക്കുകയാണ് ഏജസൻസികൾ ചെയ്യുന്നത്. പതിനയ്യായിരം രൂപവരെ നൽകേണ്ടിയും വരുന്നു. ആർ.സി.സിയിൽ ഉയർന്ന വരുമാന വിഭാഗക്കാർക്കുപോലും 6000 രൂപ ചെലവിൽ ഈ ടെസ്റ്റ് നടത്താമായിരുന്നു. പാവപ്പെട്ടവർക്ക് പരിശോധന സൗജന്യമാണ്.

> എല്ലാം മുറപോലെ എന്ന സർക്കാർ ശൈലി അഭിമാനകരമായ നേട്ടങ്ങളുമായി നിൽക്കുന്ന ഇതുപോലൊരു ആതുരാലയത്തിന് എത്രമാത്രം അവമതി വരുത്തിവയ്ക്കുമെന്ന് അതിന്റെ ചുമതലക്കാർ ചിന്തിക്കാത്തത് കഷ്ടമാണ്. രക്താർബുദ രോഗികൾക്ക് ചികിത്സയുടെ ഓരോ ഘട്ടവും നിർണയിക്കുന്നതിനാവശ്യമായ പരിശോധന വരെ മുഖ്യമാണ്. യന്ത്രത്തകരാർമൂലം മുടങ്ങിപ്പോയത് ഈ സൗകര്യമാണ്

സ്വയംഭരണ സംവിധാനത്തിൽ പ്രവർത്തിക്കുന്ന ആർ. സി. സിക്ക് ഒട്ടും കാലതാമസമില്ലാതെ പുതിയൊരു യന്ത്രം വാങ്ങി സ്ഥാപിക്കാവുന്നതേയുള്ളൂ. നാല്പത് ലക്ഷം രൂപയേ ചെലവു വരികയുള്ളൂ. തീരുമാനമെടുക്കുന്നതിലെ കാലതാമസമാണ് അതിന് വിഘാതമായി നിൽക്കുന്നതെന്ന് വളരെ വ്യക്തമാണ്. എല്ലാം മുറപോലെ എന്ന സർക്കാർ ശൈലി അഭിമാനകരമായ നേട്ടങ്ങളുമായി നിൽക്കുന്ന ഇതുപോലൊരു ആതുരാലയത്തിന് എത്രമാത്രം അവമതി വരുത്തിവയ്ക്കുമെന്ന് അതിന്റെ ചുമതലക്കാർ ചിന്തിക്കാത്തത് കഷ്ടമാണ്. രക്താർബുദ രോഗികൾക്ക് ചികിത്സയുടെ ഓരോ ഘട്ടവും നിർണയിക്കുന്നതിനാവശ്യമായ പരിശോധനവരെ മുഖ്യമാണ്. യന്ത്രത്തകരാർമൂലം മുടങ്ങിപ്പോയത് ഈ സൗകര്യമാണ്. കൂടുതൽ പണച്ചെലവു മാത്രമല്ല സമയനഷ്ടവും ഉണ്ടാക്കുന്നു.

പൊതുജനാരോഗ്യമേഖല പരമാവധി ശക്തിപ്പെടുത്താൻ സർക്കാർ ഒരുഭാഗത്ത് തീവ്രശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അതേസമയം തന്നെ ആശുപത്രികളിൽ നിലവിലുള്ള സൗകര്യങ്ങൾ ചുമതലപ്പെട്ടവരുടെ ഉദാസീനതയും കൃത്യവിലോപവും കാരണം നിലയ്ക്കുന്ന അവസ്ഥയും വന്നുചേരുന്നു. യന്ത്രങ്ങൾ കേടാവുന്നത് സർക്കാർ ആശുപത്രികളിൽ പുതിയ കാര്യമല്ല. എവിടെയും അതിനെക്കുറിച്ച് പരാതികളേ ഉള്ളൂ. സ്വയം കേടാവുന്നതിനെക്കാൾ കേടാക്കുന്നവയാകും അധികവും. കോടിക്കണക്കിന് രൂപ കൊടുത്തു വാങ്ങുന്ന സ്കാനർ പോലുള്ള അത്യാധുനിക ഉപകരണങ്ങൾ സർക്കാർ ആശുപത്രികളിലെത്തുമ്പോൾ കൂടക്കൂടെ പ്രവർത്തനരഹിതമാകും. അതേസമയം ഇതേ യന്ത്രങ്ങൾതന്നെ സ്വകാര്യ സ്ഥാപനങ്ങളിൽ തകരാറാന്നെമില്ലാതെ ദീർഘകാലം പ്രവർത്തിക്കും. ആർ.സി.സിയിൽ കേടായിപ്പോയ രക്തപരിശോധനായന്ത്രത്തിന് പത്തുവർഷത്തെ പഴക്കമുള്ളതിനാൽ സ്വാഭാവികചരമമായി കരുതിയാൽ മതി. തകരാർ ബോദ്ധ്യമായപ്പോൾത്തന്നെ പുതുതായൊന്നു വാങ്ങി സ്ഥാപിക്കാൻ കഴിയാതെ പോയതാണ് ഗുരുതരമായ വീഴ്ച. രോഗം തളർത്തിയ മനസ്സുകളെ കൂടുതൽ വിഷമിപ്പിക്കുന്ന പ്രവൃത്തിയായിപ്പോയി അത്.

മൂന്നാം ലോകയുദ്ധം സിറിയയിൽ നിന്നോ ?

ഡോ. ജോസുകുട്ടി സി.എ

ഇക്കഴിഞ്ഞ ദിവസം അമേരിക്കയുടെ നേതൃത്വത്തിൽ സിറിയയിൽ നടത്തിയ വ്യോമാക്രമണത്തിനെതിരെ കടുത്ത ആശങ്കയും പ്രതികരണവുമാണ് ലോക രാജ്യങ്ങളിൽ നിന്നുയരുന്നത്. ചിലർ കടുത്ത ഭാഷയിൽ വിമർശിച്ചപ്പോൾ മറ്റു ചിലർ അത്യാവശ്യ നടപടിയെന്നാണ് വിലയിരുത്തിയത്.

റഷ്യൻ പ്രസിഡന്റ് പുട്ടിൻ ഇത് അതിക്രമമാണെന്നും വലിയ പ്രത്യാഘാതമുണ്ടാകുമെന്നും പ്രതികരിച്ചു. ഇറാന്റെ പരമോന്നത നേതാവ് അയത്തുള്ള ഖൊമേനി ഇതിനെ സൈനിക കുറ്റകൃത്യമെന്നാണ് വിമർശിച്ചത്. അക്രമം നടത്തിയ അമേരിക്കൻ- ബ്രിട്ടീഷ്- ഫ്രഞ്ച് രാഷ്ടത്തലവന്മാർ കുറ്റവാളികളാണെന്നും പറഞ്ഞു. ഏകപക്ഷീയമായ അക്രമം അംഗീകരിക്കുകയില്ല എന്നതാണ് ചൈനയുടെ നിലപാട്. എന്നാൽ ജർമ്മനി, കാനഡ, ടർക്കി , യൂറോപ്യൻ യൂണിയൻ , ഇസ്രായേൽ തുടങ്ങിയവർ അക്രമത്തെ ന്യായീകരിച്ചു. ആക്രമണം നടന്നയുടനേ തന്നെ ഇത് മൂന്നാംലോക യുദ്ധത്തിലേക്ക് നയിക്കുമെന്ന തരത്തിൽ പല വിലയിരുത്തലുകളുമുണ്ടായി. എന്തുകൊണ്ടാണ് ഇത്തരമൊരു അക്രമമുണ്ടാകുമ്പോൾ മൂന്നാംലോക മഹായുദ്ധത്തെക്കുറിച്ച് മനുഷ്യൻ ചിന്തിക്കുന്നത്? ഈ അക്രമത്തിന്റെ യഥാർത്ഥ ലക്ഷ്യമെന്താണ്? ഇതൊരു ലോക യുദ്ധത്തിലേക്ക് നയിക്കപ്പെടുമോ എന്ന് പരിശോധിക്കുകയാണിവിടെ.

എന്തുകൊണ്ട് യുദ്ധചിന്ത

ദേശീയ രാഷ്ടീയം പോലെ ലോക രാഷ്ടീയവും അധികാര വടംവലിയുടേയും ശാക്തിക ബലാബലത്തിന്റെയും കുറച്ചു കൂടി കടുത്ത വേദിയാണ്. മറ്റുള്ളവരുടെ താത്പര്യങ്ങൾ ഹനിച്ചുകൊണ്ട് അത്യാഗ്രഹപരമായ നിലപാടുകളാണ് രാഷ്ടങ്ങൾ പലപ്പോഴും അന്താരാഷ്ട പ്രശ്നങ്ങളിൽ അവലംബിക്കാറുള്ളത്. ദേശീയ താത്പര്യം സംരക്ഷിക്കുന്ന എന്ന ന്യായം പറഞ്ഞാണ് നീതിരഹിതമായ ഇത്തരം നിലപാടുകൾ ന്യായീകരിക്കുന്നത്. അതുകൊണ്ടാണ് വലിയ വിഭാഗം ജനങ്ങൾക്കും യുദ്ധത്തിൽ താത്പര്യമില്ലെങ്കിലും രാഷ്ടങ്ങൾ യുദ്ധത്തിൽ ഏർപ്പെടുത്തുന്നത്.

ലോകരാഷ്ടീയത്തിന്റെ ഒരു പ്രധാന സ്വഭാവമാണ് ഘടനാപരമായ അരാജകത്വവും , പ്രശ്നങ്ങൾ പരിഹരിക്കാൻ ഒരു നിയമസംവിധാനത്തിന്റെയും പരമാധികാരിയുടേയും അഭാവവും. ഐക്യരാഷ്ടസഭയും മറ്റ് സംവിധാനങ്ങളും ഉണ്ടെങ്കിലും നിർണ്ണായക ഘട്ടങ്ങളിൽ അവയെല്ലാം നിഷ്ഫലമാണ് . അതുകൊണ്ടുതന്നെ രാഷ്ടങ്ങൾ പരസ്പരം അവിശ്വസിക്കുകയും തങ്ങളുടെ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി എല്ലാത്തരം കുതന്ത്രങ്ങളും പ്രയോഗിക്കുകയും ചെയ്യും. അധികാരക്കൊതിയും മേധാവിത്വ മനോഭാവവും ഇത്തരം നിലപാടുകൾ എടുക്കാൻ രാഷ്ടങ്ങളെ നിരന്തരം പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്നു. ലോകചരിത്രത്തിലെ മിക്കവാറും യുദ്ധങ്ങളും കലഹങ്ങളും രാഷ്ടങ്ങളുടെ , മുകളിൽ സൂചിപ്പിച്ച സഹജസ്വഭാവം കൊണ്ട് ഉണ്ടായിട്ടുള്ളതാണ്.

സിറിയ - യുദ്ധമയം

സിറിയയിലെ നിലവിലെ സാഹചര്യവും അമേരിക്കൻ നേതൃത്വത്തിൽ നടത്തിയ വ്യോമാക്രമണവും മുകളിൽ സൂചിപ്പിച്ച ഭയപ്പെടുത്തുന്ന യുദ്ധസമാനമായ മാനസികാവസ്ഥ സൃഷ്ടിക്കുന്നുണ്ട്. സകല മൂല്യങ്ങളും കാറ്റിൽപ്പറത്തി സ്വന്തം താത്പര്യങ്ങൾ സംരക്ഷിക്കാൻ വേണ്ടി സിറിയൻ ആഭ്യന്തര രാഷ്ടീയത്തിലെ സർക്കാരും വിമതരും വിവിധ തീവ്രവാദ സംഘങ്ങളും , വിഘടിതമായ പശ്ചിമേഷ്യൻ ശാക്തിക ചേരികളും , ലോക മേധാവിത്വത്തിനായി തയാറായി നിൽക്കുന്ന അമേരിക്ക, റഷ്യ തുടങ്ങിയ വൻ ശക്തികളും ചേർന്ന് രൂപപ്പെടുത്തുന്ന സങ്കീർണവും ഭയാനകവുമായ സാഹചര്യം യുദ്ധം വാതിൽപ്പടിയിൽ എന്ന തോന്നൽ സൃഷ്ടിക്കുന്നു. ഇവിടെ രാഷ്ടങ്ങൾ പരസ്പരം വിശ്വസിക്കുന്നില്ല എന്ന് മാത്രമല്ല കുതികാൽവെട്ടാനും തയാറായി നിൽക്കുകയാണ്. ഇത്തരം സാഹചര്യങ്ങളിലെ ചെറിയൊരു പിഴവോ തെറ്റിദ്ധാരണയോ യുദ്ധത്തിലേക്ക് നയിച്ച അവസരങ്ങൾ അനവധിയുണ്ട്.

ലക്ഷ്യമെന്ത്?

സിറിയയിലെ വ്യോമാക്രമണം യുദ്ധഭീതി ഉയർത്തുന്നു. എന്നാൽ ഈ അക്രമത്തിന്റെ യഥാർത്ഥ ലക്ഷ്യം മനസ്സിലാക്കിയാൽ ഇത് മൂന്നാം ലോകയുദ്ധത്തിലേക്ക് നയിക്കുമോ എന്ന് നോക്കിക്കാണാവുന്നതാണ്. അമേരിക്കൻ ആക്രമണത്തിന്റെ ലക്ഷ്യങ്ങൾ, രാസായുധം ഉപയോഗിച്ച് സിറിയയെ ശിക്ഷിക്കുക, ഇനി രാസായുധം ഉപയോഗിക്കുന്നത് തടയുക, സിറിയൻ ഭരണാധികാരി ആസാദിന്റെ ശക്തി പരിമിതപ്പെടുത്തുക, പാശ്ചാത്യ ശക്തികളെ വെല്ലുവിളിക്കുന്ന റഷ്യയ്ക്ക് മുന്നറിയിപ്പ് നൽകുക, പ്രശ്ന പരിഹാര ചർച്ചയിൽ തങ്ങളുടെ പക്ഷം ശക്തിപ്പെടുത്തുക, ഇറാനെതിരെയുള്ള പശ്ചിമേഷ്യൻ സഖ്യം ശക്തിപ്പെടുത്തുക, പാശ്ചാത്യ സഖ്യം ശക്തമായി തുടരുന്നു എന്ന സന്ദേശം നൽകുക കൂടാതെ ദുർബലമായിക്കൊണ്ടിരിക്കുന്ന ട്രംപ് പ്രസിഡന്റ്സിയെയും അമേരിക്കൻ അധീശത്വത്തെയും താങ്ങി നിറുത്തുക എന്നിവയാണ്. ഈ ലക്ഷ്യങ്ങൾ നേടാൻ ഒരു മൂന്നാം ലോക യുദ്ധത്തിന്റെ ആവശ്യമില്ല.

ലക്ഷ്യം നേടുമോ?

അക്രമം കഴിഞ്ഞയുടനെ ‘ലക്ഷ്യം നേടി ’ എന്നാണ് ട്രംപ് ട്വീറ്റ് ചെയ്തത്. എന്നാൽ ഈ അക്രമം കൊണ്ട് ഭാവിയിൽ ആസാദ് രാസായുധം പ്രയോഗിക്കില്ലെന്ന് ഉറപ്പില്ല. ആസാദിന്റെ അന്തിമ ലക്ഷ്യം സിറിയയെ പൂർണമായും തന്റെ നിയന്ത്രണത്തിലാക്കുക എന്നതാണ്. ഇപ്പോൾ സിറിയയുടെ 60 ശതമാനം പ്രദേശത്ത് മാത്രമാണ് അദ്ദേഹത്തിന് നിയന്ത്രണമുള്ളത്. അമേരിക്ക നടത്തിയ അക്രമം കൊണ്ട് ഇനി ആസാദ് അടങ്ങിയിരിക്കുമോ എന്ന് ഉറപ്പില്ല. യഥാർത്ഥത്തിൽ അമേരിക്കയ്ക്ക് ഒരു സമഗ്ര സിറിയൻ നയമില്ല എന്നതാണ് പ്രശ്നം. ആസാദ്, സിറിയയിലെ യുദ്ധം ഏതാണ്ട് ജയിച്ച് കഴിഞ്ഞു. അദ്ദേഹത്തിന്റെ അധികാര പരിധി പരിമിതപ്പെടുത്തുക എളുപ്പമല്ല. ഈ സാഹചര്യത്തിൽ അമേരിക്കയെ സിറിയയിൽ കുടുക്കിയിടാൻ ട്രംപ് തയാറല്ല. അതുകൊണ്ടാണ് സൈന്യത്തെ അവിടെ നിറുത്താൻ ഉദ്ദേശ്യമില്ലെന്ന് ആക്രമണത്തിന് ശേഷവും ട്രംപ് സൂചിപ്പിച്ചത്. ചുരുക്കത്തിൽ സിറിയയിലെ പ്രശ്നം എങ്ങനെയൊക്കെ ആണെങ്കിലും വലിയ ഒരു അമേരിക്കൻ സൈനിക ഇടപെടൽ തത്കാലം ഉണ്ടാവില്ല.

> യഥാർത്ഥത്തിൽ അമേരിക്കയ്ക്ക് ഒരു സമഗ്ര സിറിയൻ നയമില്ല എന്നതാണ് പ്രശ്നം. ആസാദ് , സിറിയയിലെ യുദ്ധം ഏതാണ്ട് ജയിച്ച് കഴിഞ്ഞു. അദ്ദേഹത്തിന്റെ അധികാര പരിധി പരിമിതപ്പെടുത്തുക എളുപ്പമല്ല. ഈ സാഹചര്യത്തിൽ അമേരിക്കയെ സിറിയയിൽ കുടുക്കിയിടാൻ ട്രംപ് തയാറല്ല.

ചേരിതിരിവും നവശീതയുദ്ധവും

സിറിയൻ പ്രശ്നത്തിൽ ഉടനെ ഒരു ലോകയുദ്ധത്തിന് സാദ്ധ്യതയില്ലെങ്കിലും ലോകരാഷ്ടീയത്തിലെ ചേരിപ്പോര് ഊട്ടിയുറപ്പിക്കുന്ന നവശീതയുദ്ധത്തിന്റെ പുകച്ചിൽ നന്നായി വായിച്ചെടുക്കാം. പ്രധാനപ്പെട്ട കാര്യം രണ്ടാംലോക മഹായുദ്ധത്തിന് ശേഷം രൂപംകൊണ്ട അമേരിക്കൻ നേതൃത്വത്തിലുള്ള പാശ്ചാത്യ ശാക്തിക ചേരി എന്തൊക്കെ അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടെങ്കിലും അടിയന്തര സാഹചര്യങ്ങളെ നേരിടാൻ ഒറ്റക്കെട്ടായി നിൽക്കും. മറ്റൊന്ന് സോവിയറ്റ് യൂണിയൻ തകർന്നടിഞ്ഞെങ്കിലും അമേരിക്കയെ വെല്ലുവിളിക്കാൻ സൈനികമായും മാനസികമായും ശക്തിയുള്ള രാജ്യം റഷ്യയാണ്. ലോകത്തിലെ മറ്റ് രാജ്യങ്ങൾ ഇവർ നേതൃത്വം നൽകുന്ന ചേരിയിൽ, ഭാവിയിൽ അണിനിരക്കും. സിറിയൻ പ്രശ്നത്തിൽ ഐക്യരാഷ്ട സുരക്ഷാ സമിതിയിൽ നടന്ന വോട്ടെടുപ്പിൽ ഒരു ചേരിയായി നിന്ന് ചൈനയും റഷ്യയും വോട്ട് ചെയ്തത് ഇതിന്റെ സൂചനയാണ്. ഭാവിയിൽ നേതൃത്വം റഷ്യയിൽ നിന്ന് ചൈനയിലേക്ക് മാറിയാലും ഈ ചേരിക്ക് മാറ്റമുണ്ടാകാനിടയില്ല. ലോക രാഷ്ടീയത്തിൽ ആര് ആർക്കൊപ്പം എവിടെ നിൽക്കുന്നു എന്നതാണ് അമേരിക്കൻ വ്യോമാക്രമണത്തിലൂടെ മറനീക്കി പുറത്തു വന്നത്.

ആർക്കും വേണ്ടാത്ത യുദ്ധം

യഥാർത്ഥത്തിൽ വൻശക്തികൾ തമ്മിലുള്ള സമഗ്രമായ ഒരു ലോക യുദ്ധത്തിന് നിലവിൽ സാദ്ധ്യതയില്ല. പ്രധാന കാരണം അണ്വായുധ ശേഷിയുള്ള വൻ ശക്തികൾക്ക് പരസ്പരം പല പ്രാവശ്യം നശിപ്പിക്കാൻ ആവശ്യത്തിലധികമായ സംഹാര ശേഷിയുണ്ട്. ആണവശേഷിയുള്ള വടക്കൻ കൊറിയ എന്ന കൊച്ചുരാജ്യത്തിനെതിരെ ലോക പൊലീസായ അമേരിക്ക യുദ്ധത്തിന് മടിക്കുന്നത്, യുദ്ധത്തിൽ തങ്ങൾക്ക് അസ്വീകാര്യമായ നഷ്ടം ഉണ്ടാകുമെന്ന് ഉറപ്പുള്ളതുകൊണ്ടാണ്. അല്ലെങ്കിൽ എന്നേ അമേരിക്ക, ലിബിയൻ, ഇറാക്ക് രാഷ്ടത്തലവൻമാരെ കൊന്നതള്ളിയതു പോലെ, വടക്കൻ കൊറിയയിലെ കിം ജോംഗ് ഉന്നിനെ കാലപുരിക്ക് അയച്ചേനെ.

മൂന്നംലോക യുദ്ധം അല്ലെങ്കിൽ പിന്നെന്ന് സംഭവിക്കും ? രണ്ടാം ലോക മഹായുദ്ധത്തിന് ശേഷം 1990 കൾ വരെ ലോക രാഷ്ടീയത്തിൽ പരിമിതമായ യുദ്ധങ്ങളാണ് നടന്നത്. അത്തരത്തിലുള്ള നിയന്ത്രിത യുദ്ധങ്ങൾക്കാണ് സിറിയ പോലുള്ള പ്രശ്നങ്ങളിൽ സാദ്ധ്യത. അമേരിക്ക, റഷ്യ, ചൈന , ഇന്ത്യ തുടങ്ങിയ ആണവശക്തികൾ നേരിട്ട് കൊമ്പുകോർത്താൽ പോലും അത് പ്രാദേശികമായും ആയുധ ഉപയോഗത്തിലും പരിമിത യുദ്ധങ്ങൾ (Limited War) ആയിരിക്കും. അതുകൊണ്ടാണ് സിറിയൻ പ്രശ്നം ലോക യുദ്ധഭീതി ഉളവാക്കുന്നുവെങ്കിലും അതൊരു ലോക യുദ്ധമായി മാറാൻ സാദ്ധ്യതയില്ലാത്തത്.

ലേഖകൻ കേരള സർവകലാശാല പൊളിറ്റിക്സ് വിഭാഗം അദ്ധ്യാപകനാണ്. ഫോൺ : 9447145381

കീഴാറ്റൂരും നന്ദിഗ്രാമും തമ്മിൽ എലിവേറ്റഡ് പാത

വെള്ളാപ്പള്ളി നടേശൻ

മാനേജിംഗ് എഡിറ്റർ, യോഗനാദം

(യോഗനാദം ഏപ്രിൽ 16 ലക്കത്തിലെ മുഖപ്രസംഗം)

വിശ്വമാകെ മലയാളത്തിന്റെ സൗരഭ്യം പകർന്ന് കേരളത്തിന്റെ പച്ചപ്പിന്റെയും ജലാശയങ്ങളുടെയും, വനാന്തരങ്ങളുടെയും, ഇടവഴികളുടെയും, നടവഴികളുടേയും കുന്നുകളുടെയും, കുളങ്ങളുടെയും അതിജീവന രഹസ്യം പഠിക്കുവാൻ ലോകമെമ്പാടുമുള്ള അന്വേഷികൾ നമ്മുടെ നാട്ടിലെത്തുന്നതു കൊണ്ടാണ് ഈ നാടിനെ “ദൈവത്തിന്റെ സ്വന്തം നാട്“ എന്ന് പേര് തന്നെ വന്നത്. ആ പേരിന് ഒരിക്കലും മൊഴിമാറ്റം സംഭവിക്കുവാൻ മലയാളികളാരും അരു നിൽക്കരുത്. അങ്ങനെ സംഭവിച്ചാൽ അത് നാടിന് മാത്രമല്ല ലോകത്തിന് തന്നെ ഭീഷണിയാണ്. ഭൗമശാസ്ത്രാന്വേഷികൾക്ക് ഒരു വലിയ പ്രതീക്ഷയുടെ പറുദീസയാണ് നമ്മുടെ നാട്. ആ പ്രതീക്ഷയാണ് നമ്മുടെ നിലനില്പിന്റെ ആധാരവും. നിലനിൽക്കേണ്ടതിന്റെ ആവശ്യകതയും. അത്തരത്തിൽ ഉയർന്ന നിലയിലുള്ള വിദൂര കാഴ്ചപ്പാടുകളുടെ തലങ്ങളിൽ നിന്ന് വേണം ഇവിടുത്തെ ഓരോ വികസനസ്വപ്നങ്ങൾക്കും നിറച്ചാർത്ത് നൽകേണ്ടത്. വികസന സങ്കല്പങ്ങളും കാഴ്ചപ്പാടുകളും ഒരിക്കലും പ്രാദേശിക വിഷയമായി കാണുവാൻ പാടില്ല. അതുപോലെ തന്നെ മറ്റൊരു തരത്തിലുള്ള ആശയ വ്യതിയാനങ്ങളും അതിൽ ഉണ്ടാവാൻ പാടില്ല. വികസനത്തിനുവേണ്ടി ശത്രുതാ മനോഭാവത്തോടെയുള്ള കൂട്ടായ്മകളും പാടില്ല.

ഇപ്പോൾ ഇങ്ങനെ ഇവിടെ കുറിക്കാൻ കാരണം ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട് ഉയർന്നുവന്നിട്ടുള്ള ചർച്ചകളും ആരോപണ പ്രത്യാപരോണങ്ങളും നമ്മുടെ നാടിന്റെ സ്വസ്ഥതയും സമാധാനവും നഷ്ടപ്പെടുത്തുന്നു. മാത്രമല്ല ഓരോരുത്തരുടെയും നിലപാടുകൾ മറ്റുള്ളവരുടെ മേൽ അടിച്ചേൽപ്പിക്കുവാനുള്ള സംഘടിതമായിട്ടുള്ള ശ്രമങ്ങളും നടക്കുന്നു. കേരളം എന്ന പേരിന്റെ അർത്ഥതലത്തിൽ നിന്നു കൊണ്ടുള്ള വികസനമാണ് എല്ലാവരും ആഗ്രഹിക്കുന്നത് എന്ന കാര്യത്തിൽ ഒരു പക്ഷത്തിനും തർക്കം ഉണ്ടാവുമെന്ന് തോന്നുന്നില്ല. അങ്ങനെയാണെങ്കിൽ പരസ്പര ബഹുമാനത്തോടുകൂടിയുള്ള ചർച്ച നടത്തുവാൻ നമുക്ക് കഴിയണം. ആശയ വിനിമയത്തിലൂടെ ആശയ വ്യക്തതയല്ലേ വരുത്തേണ്ടത്. അതല്ലേ തർക്കശാസ്ത്രത്തിന്റെ അടിസ്ഥാനം. അതിനുപകരം വികസനത്തിന്റേയും പരിസ്ഥിതിയുടേയും പേരിൽ രണ്ടു ധ്രുവങ്ങളിൽ നിന്നുകൊണ്ട് ശത്രുക്കളെപ്പോലെ നിലപാടുകൾ സ്വീകരിച്ചാൽ എങ്ങനെ പ്രശ്നം പരിഹരിക്കും. അവിടെ ആശയവിനിമയം സാധ്യമാകുമോ? ആശയവിനിമയത്തിന്റെ അഭാവം മൂലം ശരിയും തെറ്റുമല്ല ചർച്ച ചെയ്യുന്നത് പകരം ജയവും തോൽവിയുമാണ് ചർച്ചാ വിഷയം. അപ്പോൾ അവിടെ ഉണ്ടാകുന്നത് വാശിയും വൈരാഗ്യവും അടിച്ചേൽപ്പിക്കാനുള്ള ശ്രമവുമാണ്.

അത്തരത്തിലുള്ള സമീപനങ്ങളാണ് ഇപ്പോൾ കീഴാറ്റൂരിൽ തുടങ്ങി സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിലേയ്ക്ക് പടരുന്നത്. കീഴാറ്റൂർ എന്ന ചെറിയ ഗ്രാമം ഇന്ന് ദേശീയ ശ്രദ്ധ ആകർഷിച്ചത് എത്ര പെട്ടെന്നാണ്. കോർപ്പറേറ്റ് വികസനത്തിലേക്കുള്ള നയവ്യതിയാന ചർച്ചയുടെ ഫലമായിട്ടാണ് കീഴാറ്റൂർ ഗ്രാമവും നന്ദിഗ്രാമവും തമ്മിൽ എലിവേറ്റ്സ് പാത രൂപപ്പെട്ടത്. താത്വികമായി പറഞ്ഞാൽ ഈ രണ്ടു ഗ്രാമവും തമ്മിൽ ഒരു ചിന്താധരണി രൂപപ്പെട്ടില്ലേ? അതിന്റെ അടിസ്ഥാനത്തിലുണ്ടായ അന്തർധാരയല്ലേ ഈ എലിവേറ്റ്സ് പാതയുടെ നിർമ്മാണ പുരോഗതി. ഒന്നുകൂടി നമുക്ക് ഇതിനെ വിശകലനം ചെയ്യാം. ഈ രണ്ടു സ്ഥലങ്ങളും പ്രത്യയ ശാസ്ത്ര വിശകലനത്തിനു വിധേയമാക്കണം. ഇവിടെയെല്ലാം തന്നെ പ്രത്യയശാസ്ത്ര കമ്പാർട്ടുമെന്റുകളാണ് ഉണ്ടായിരുന്നത്. എങ്ങനെ അതിൽ നിന്നും അവർ പുറത്തുചാടി- വിശദമായി ചർച്ച ചെയ്യേണ്ടവർ, അങ്ങനെയും അല്ലാത്തവർ പൊതുവേയും ചർച്ച ചെയ്യണം.

വാസസ്ഥലവും കൃഷിയിടവും നഷ്ടപ്പെടുമ്പോൾ പാവപ്പെട്ട കർഷകൻ സ്വാഭാവികമായും അസ്വസ്ഥനാവും. അതു പിന്നീട് രോഷമായും ഒടുവിൽ ശത്രുതയിലേക്കും പരിണമിക്കും. അതൊരു യാഥാർത്ഥ്യമാണ്. അത് അവന്റെ അതിജീവനത്തിനുള്ള ചെറുത്തു നിൽപ്പ് മാത്രമാണ്. അതിനെ ഭരണകൂടത്തോടുള്ള യുദ്ധപ്രഖ്യാപനമായും അതിർത്തിയിൽ നിന്നുള്ള മിസൈൽ ആക്രമണമായും ചിത്രീകരിക്കുന്നത് ഒരു ജനാധിപത്യ സമൂഹത്തിന് ചേർന്നതല്ല. കുടിയൊഴിപ്പിക്കപ്പെടുമ്പോൾ ഇരയുടെ ജീവിത സുരക്ഷ ഉറപ്പുവരുത്തുക എന്നുള്ളത് പ്രാഥമികമായ അവകാശമാണ്. അതിനുള്ള പക്വതയും പാകതയുമാണ് ഭരണാധികാരികൾക്ക് ഉണ്ടാകേണ്ടത്. ജനിച്ച മണ്ണിൽ ജീവിക്കുവാനുള്ള അവകാശ സമരം നടത്തുമ്പോൾ അതിനെയെല്ലാം ആജന്മ ശത്രുക്കളെ നേരിടുള്ള മനോഭാവത്തോടെ സമീപിച്ചാൽ അത് അസഹിഷ്ണുതയുടെ സന്ദേശമാണ് നൽകുന്നത്. അവിടെയാണ് സംഘർഷം ഉടലെടുക്കുന്നത്. കുടിയൊഴിപ്പിക്കപ്പെട്ടവരുടെ ആശങ്ക അകറ്റുന്നതിന് അസഹിഷ്ണുതയുടെ സമീപനമല്ല, മറിച്ച് ചേർത്തു നിർത്തുമെന്ന സന്ദേശമാണ് നൽകേണ്ടത്. അക്കാര്യത്തിൽ ഭരണാധികാരികളും ഭരണ കക്ഷിയും കുറച്ചുകൂടി പക്വതയോടെ തീരുമാനം എടുക്കേണ്ടതായിരുന്നു.

കേരളം ഇപ്പോൾ എന്തിനും ഏതിനും രാഷ്ടീയ നിലപാടുകൾ മാത്രമായി ചുരുങ്ങിയിരിക്കുന്നു. വികസനത്തിന്റെ കാര്യത്തിലും വിദ്യാഭ്യാസത്തിന്റെ കാര്യത്തിലും എന്നുവേണ്ട ഏതൊരു വിഷയത്തിലും കാലഘട്ടത്തിന് അനുസരിച്ചുള്ള നയങ്ങൾ രൂപപ്പെടുത്തുമ്പോൾ എതിർക്കുക എന്നുള്ളത് പ്രതിപക്ഷത്തിന്റെ സ്ഥിരം രാഷ്ടീയ നാടകമാണ്. അവർ ഭരണ പക്ഷത്തെത്തുമ്പോൾ മറിച്ചും സംഭവിക്കുന്നു. ഇവിടെയും അങ്ങനെതന്നെ സംഭവിച്ചു. കൊച്ചിയിലെ പാചക വാതക പൈപ്പിന്റെ കാര്യത്തിലും ആണവ നിലയത്തിന്റെ കാര്യത്തിലായാലും, വിഴിഞ്ഞം പദ്ധതിയുടേയും, വിമാനത്താവള നിർമ്മാണത്തിലും എല്ലാം തന്നെ സംഭവിച്ചത് ഇതേ രാഷ്ടീയ അഭ്യാസമാണ്. കീഴാറ്റൂരിലെ കാർഷിക ചുവപ്പു കിളികൾ പിന്നീട് വയൽക്കിളികളായി മാറിയപ്പോൾ അവിടെ അവരെ കഴുകൻമാരായി ചിത്രീകരിച്ച് വെടിവെച്ചു വീഴ്ത്തുവാൻ കർമ്മ സേന രംഗത്ത് പ്രവേശിച്ചപ്പോൾ അതുവരെ രംഗപ്രവേശം ചെയ്യാതിരുന്ന പരിസ്ഥിതി വാദികളും രാഷ്ടീയ പ്രതിയോഗികളും മെയ്‌വഴക്കം വന്ന അഭ്യാസിയെപ്പോലെ രണഭൂമിയിൽ അണിനിരന്നു. ദേശീയപാതാവികസനവുമായി ബന്ധപ്പെട്ട് അടങ്ങിയിരുന്ന എല്ലാവരും തന്നെ ഇതോടെ വർദ്ധിതവീര്യത്തോടെ സമരഭൂമിയിലെത്തി.

ഇവിടെ തെറ്റുപറ്റിയത് മനസിലാക്കാൻ ബന്ധപ്പെട്ടവർ തയ്യാറാവണം. ആദ്യം സമരക്കാരോടുള്ള മനോഭാവം തിരുത്തണം. ഇനിയും മരിക്കാത്ത ഭൂമിയുടെ“ ആസന്നമൃത്യു “ പ്രവചിച്ച ഒ. എൻ. വിയുടെ വാക്കുകൾ പ്രസക്തമാണ്. നിലനിൽക്കുന്ന നീരുറവ എങ്കിലും നശിക്കാതെ നോക്കണം. അതിനു വിദഗ്ദ്ധൻമാരുടെ സഹായം തേടണം. അതിന് ഇച്ഛാശക്തി ഉണ്ടാകണം. കണ്ണാടി പോലെ പ്രതിബിംബിക്കുന്ന ജലാശയങ്ങളുള്ള രാജ്യവും ജയിലുകളില്ലാത്ത രാജ്യവും അഴിമതിയെന്തെന്ന് മനിലാകാത്ത മനഷ്യരും ദാരിദ്ര്യം ഇല്ലാത്ത ജീവിത ചുറ്റുപാടുമുള്ള ഒട്ടനവധി രാജ്യങ്ങൾ ലോകത്തുണ്ട്. അത് കണ്ണു തുറന്നു കാണുവാൻ കഴിയണം. അപ്പോൾ അസാധ്യമായി ഒന്നുമില്ല എന്നത് ബോദ്ധ്യമാകും. അതിനു ഭരണകൂടവും പ്രതിപക്ഷവും ഒത്തുകളിക്കാതെ ജനങ്ങളെ വിശ്വാസത്തിലെടുത്ത് അവർക്കുവേണ്ടിയുള്ള വികസനം അവരുടെ മണ്ണിനെയും വെള്ളത്തേയും കൊന്നു തിന്നാത്ത വികസനം. അതിവേഗം സഞ്ചരിക്കുവാൻ ഭൂമിയിലെ ആവാസ വ്യവസ്ഥ നശിക്കാത്ത വികസനം അത് എല്ലാവരും ചേർന്ന് തീരുമാനിക്കണം. ഇവിടെ തങ്ങൾ പഠിച്ച പതം വന്ന പ്രത്യയശാസ്ത്ര വികസനത്തിൽ നിന്നും കോർപ്പറേറ്റ് വികസത്തിലേയ്ക്കുള്ള നയവ്യതിയാനം എന്ന ചിന്തയിലേയ്ക്ക് അവർ എത്തിയപ്പോൾ അസ്വസ്ഥമായത് മലയാളിയും അവന്റെ മലയാളത്തനിമയുമാണ്. നയവ്യതിയാനം സംഭവിച്ചുവെങ്കിൽ ബന്ധപ്പെട്ടവർ തിരുത്തണം. അല്ലാത്ത പക്ഷം ചരിത്രം ആവർത്തിക്കും. ആവർത്തിച്ചുള്ള നിരവധി മുന്നറിയിപ്പുകൾ ഒന്നൊന്നായി സംഭവിച്ചിട്ടും അവഗണിക്കുന്ന സമീപനം പ്രകൃതി ദുരന്തങ്ങൾ ക്ഷണിച്ചുവരുത്തും. ഒപ്പം തന്നെ കോർപ്പറേറ്റ് വികസനത്തിലേക്കുള്ള ഇടതുപക്ഷത്തിന്റെ നയ വ്യതിയാനം സംബന്ധിച്ച ആക്ഷേപം അവരെ ഇന്ത്യൻ ഭൂപടത്തിലെ സുനാമി തീരത്ത് എത്തിച്ചിരിക്കുന്നു എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. ഉത്തിഷ്ഠതാ........ ജാഗ്രത.........

വായനക്കാർ പറയുന്നു

www.keralakaumudi.com/letters

വരും തലമുറയ്ക്ക് മാതൃകയായ അഭിഭാഷകൻ

ചെറുന്നിയൂർ ശശിധരൻനായർ അഭിഭാഷകനായി 50 വർഷം പൂർത്തീകരിച്ചു. ചെറുന്നിയൂർ പ്രാക്ടീസ് ആരംഭിച്ചത് വളരെ പ്രസിദ്ധനും പ്രശസ്തനുമായ അഡ്വ. പിരപ്പൻകോട് ശ്രീധരൻ നായർ സാറിന്റെ ഓഫീസിലാണ്. അക്കാലത്ത് വക്കീലന്മാർ രണ്ട് വിഭാഗമേയുള്ളൂ. സിവിൽ വക്കീലന്മാരും ക്രിമിനൽ കേസ് നടത്തുന്നവരും. ഈ കേസുകളിൽ ഒതുങ്ങിനിൽക്കുന്നതാണ് വക്കീൽ പണി.

മേൽപറഞ്ഞ രീതിക്കൊക്കെ വ്യത്യസ്തമായ സ്റ്റൈൽ ആണ് ശശിയുടെ പ്രാക്ടീസ്. അദ്ദേഹം ക്രിമിനൽ കേസ് നടത്തും. സിവിൽ കേസും നടത്തും. അതു മാത്രമല്ല, ലേബർ കേസ്, ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ, ആർബിട്രേഷൻ, ബോർഡ് ഓഫ് റവന്യൂ, ലോകായുക്താ, ഓംബുഡ്സ്മാൻ, വിജിലൻസ് കോർട്ട്, പോസ്കോ കോർട്ട്, മജിസ്ട്രേട്ട് കോർട്ട്, സീസൺ കോർട്ട് തുടങ്ങി ഒരു അഡ്വക്കേറ്റിന് എവിടെയെല്ലാം വക്കാലത്ത് ഫയൽ ചെയ്യാൻ അവകാശമുണ്ടോ അവിടെയെല്ലാം ശശിയുടെ വക്കാലത്തു കാണും. ഫാമിലി കോർട്ട്, എം.എ.സി.ടി ഇതിലൊക്കെ അനവധി കേസുകൾ അദ്ദേഹം നടത്തുന്നു. ഇതിനിടയ്ക്ക് വിജിലൻസ് കമ്മിഷണർ ആയും ജോലി ചെയ്തു. വരും തലമുറയ്ക്ക് ഒരു മാതൃകയാണ് അദ്ദേഹത്തിന്റെ ജീവിതശൈലി.

പാച്ചല്ലൂർ ബി. രാജരാമൻ നായർ